പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1721 15.02.2016 - ൽ മറുപടിയ്ക്ക്

## അശരണർക്കുള്ള ക്ഷേമ പദ്ധതികൾ

ചോദ്യം

ശ്രീ.കെ.അജിത്

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അശരണരായ ജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി സാമൂഹ്യ നീതി വകുപ്പ് വഴി നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്നും പദ്ധതിയിൽ ചേരുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ; | (എ) | സാമൂഹ്യനീതി വകുപ്പ് സംസ്ഥാനത്തെ അശരണരായ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 6 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങൾക്കായി ഐ.സി.ഡി.എസ് പദ്ധതി മുഖേന അനൗപചാരിക വിദ്യാഭ്യാസം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, അനുപൂരക പോഷകാഹാര പദ്ധതി എന്നിവയും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി സൈക്കോ സോഷ്യൽ സർവ്വീസ്, സബല എന്നീ സ്കീമുകളും നടപ്പിലാക്കി വരുന്നുണ്ട്.<br>ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കുമായി അവരുടെ പരിപാലനം, സുരക്ഷ, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി എല്ലാ ജില്ലകളിലും ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം, എന്നിവയും തിരുവനന്തപുരത്തും കോഴിക്കോട്ടും 2 സ്പെഷ്യൽ ഹോമുകളും പ്രവർത്തിക്കുന്നുണ്ട്.<br>ബാലനീതി നിയമത്തിൽ പ്രതിപാദിക്കുന്ന എല്ലാ സേവനങ്ങളും ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് ജില്ലാതലത്തിൽ District Child Protection Unit കളും സംസ്ഥാനതലത്തിൽ SCPS (State Child Protection Society) യും പ്രവർത്തിക്കുന്നുണ്ട്. സ്റ്റാറ്റ്യൂട്ടറി ബോഡികളായ ചൈൽഡ് വെൽഫെയർ |

| | | | |
|---|---|---|---|
| | | | കമ്മിറ്റികളും, ജുവനൈൽ ജസ്റ്റിസ് ബോർഡുകളും എല്ലാ ജില്ലയിലും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.<br>ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകി വരുന്നുണ്ട്. 5 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങൾക്കും 1 മുതൽ 5 വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്കും 300/- രൂപയും 6-10 വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്ക് 500/- രൂപയും +1,+2 ക്ലാസ്സിലെ കുട്ടികൾക്ക് 750/- രൂപയും ഡിഗ്രി/പ്രൊഫഷണൽ ക്ലാസ്സിലെ കുട്ടികൾക്ക് 1000/-രൂപയും നൽകി വരുന്നു. ആയതിനുള്ള അപേക്ഷ ബന്ധപ്പെട്ട സി.ഡി.പി.ഒയ്ക്കാണ് നൽകേണ്ടത്.<br>വിധവകൾ, വിവാഹ മോചിതർ, ദുരിത ബാധിതരും അഗതികളുമായ 13 വയസ്സിനുമേലും 55 വയസ്സിന് താഴെയും പ്രായമുള്ള സ്ത്രീകളെ മഹിളാമന്ദിരത്തിലും, മാനസിക രോഗ ചികിത്സ കഴിഞ്ഞ് മാനസികാരോഗ്യം വീണ്ടെടുത്തെങ്കിലും സംരക്ഷിക്കുവാൻ ആളില്ലാത്ത സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ആശാഭവനുകളും അനാശാസ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് സൻമാർഗിക ഭ്രംശം നേരിടുന്ന സ്ത്രീകളെ റെസ്ക്യൂ ഹോമുകളിലും താൽക്കാലിക അഭയ കേന്ദ്രങ്ങളായ ഷോർട്ട് സ്റ്റേ ഹോമുകളിലും പ്രവേശിപ്പിച്ച് സംരക്ഷിച്ച് വരുന്നു. SC/ST ഒഴികെയുള്ള വാർഷിക വരുമാനം 50,000/- രൂപയിൽ താഴെയുള്ളവർക്ക് മിശ്രവിവാഹത്തിന് 50,000/- രൂപ ധനസഹായം നൽകി വരുന്നു. ജില്ലാ സാമൂഹ്യനീതി ആഫീസർ മുഖേന അപേക്ഷിക്കാവുന്നതാണ്.<br>വൃദ്ധ ജനങ്ങളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനും മാനസിക ഉല്ലാസത്തിനും വൈദ്യ സഹായത്തിനും ആവശ്യമായ സൗകര്യങ്ങൾ നൽകി 11 വൃദ്ധ സദനങ്ങൾ 4 വികലാംഗ വൃദ്ധ സദനങ്ങൾ, ഒരു ഡിമെൻഷ്യാകെയർ & വൃദ്ധസദനം |

| | | | |
|---|---|---|---|
| | | | എന്നിങ്ങനെ 16 വൃദ്ധസദനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നുണ്ട്. 60 വയസ്സായ സ്ത്രീകൾക്കും പുരുഷൻമാർക്കും ടി വൃദ്ധസദനങ്ങളിൽ പ്രവേശനം നേടാവുന്നതാണ്.<br>വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന വയോമിത്രം എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. നഗര പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും, വൈദ്യസഹായവും മരുന്നും സൗജന്യമായി നൽകുകയും കിടപ്പുരോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് ഹോം കെയർ നൽകുകയും, ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടുപോകുന്നതിനും തിരിച്ച് കൊണ്ടു വരുന്നതിനും സൗജന്യ ആംബുലൻസ് സേവനം, ആവശ്യമായ വിവരങ്ങൾ നൽകുന്നതിനുമായി 32 ഹെൽപ്പ് ഡെസ്കുകളും ഈ പദ്ധതി വഴി നൽകി വരുന്നു. വൃദ്ധസദനത്തിലെ താമസക്കാർക്ക് ആയുർവേദ ചികിത്സ നൽകുന്ന വയോ അമൃതം എന്ന ഒരു പദ്ധതിയും നിലവിലുണ്ട്.<br>പൊതു സ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധജനങ്ങളുടെ പുനരധിവാസം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി എല്ലാ ജില്ലാ സാമൂഹ്യനീതി ആഫീസർമാർക്കും 10,000/- രൂപ വീതം നൽകി വരുന്നുണ്ട്. കൂടാതെ സന്നദ്ധ സംഘടനയുടെ നേതൃത്വത്തിലുള്ള രണ്ട് സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നൽകി വരുന്ന 750/- രൂപ ധനസഹായം 1500/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി വകുപ്പിൽ നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**1.ക്യാൻസർ സുരക്ഷാ പദ്ധതി**<br><br>18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ |

സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷാ പദ്ധതി.

ഈ പദ്ധതിക്ക് പ്രത്യേക അപേക്ഷാ ഫോറം ഇല്ല.പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള കൗൺസലർമാർ ചികിത്സക്കായി എത്തുന്ന രോഗികളുടെ സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്തി അർഹരായവരെ കണ്ടെത്തിയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്

<u>2.താലോലം പദ്ധതി</u>

ജനിതക രോഗങ്ങളും മറ്റ് ഗുരുതര രോഗങ്ങളും ബാധിച്ച കുട്ടികളെ പ്രാരംഭത്തിൽ തന്നെ രോഗത്തിൽ നിന്ന് മോചിതരാക്കി ആരോഗ്യമുള്ളവരാക്കി തീർക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. ഈ പദ്ധതി ആനുകൂല്യം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 17ആശുപത്രികളിൽ ലഭിക്കുന്നതാണ്. ലബോറട്ടറി പരിശോധന, സർജറി, മരുന്ന് എന്നിവ പദ്ധതിയിൽ പൂർണ്ണമായും സൗജന്യമായി ലഭ്യമാണ്.

ഈ പദ്ധതിക്ക് പ്രത്യേക അപേക്ഷ ഫോറം ഇല്ല. പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള കൗൺസലർമാർ ചികിത്സക്കായി എത്തുന്ന രോഗികളുടെ സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്തി അർഹരായവരെ കണ്ടെത്തിയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

<u>3.ആശ്വാസ കിരണം പദ്ധതി</u>

തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികളാൽ ശയ്യാവലംബരായവരേയും സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മാനസിക രോഗങ്ങൾ, ഓട്ടിസം എന്നീ വൈകല്യങ്ങളാൽ കഴിയുന്നവരേയും പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. പ്രതിമാസം 525/- രൂപ നിരക്കിലാണ് ധനസഹായം അനുവദിക്കുന്നത്.

| | | | |
|---|---|---|---|
| | | | നിശ്ചിതഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ശിശുവികസന പദ്ധതി ആഫീസർക്ക് നൽകേണ്ടതാണ്.<br>4. <u>എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ</u><br>എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനുവേണ്ടി നിരവധി പദ്ധതികളും പരിപാടികളും ഈ സർക്കാർ നടപ്പാക്കി വരുന്നു. എൻഡോസൾഫാൻ ദുരിതബാധിതർക്ക് സ്നേഹസാന്ത്വനം പദ്ധതി പ്രകാരം 1200/-, 1700/-, 2200/- എന്നീ നിരക്കിൽ പ്രതിമാസ ധനസഹായവും ഇത്തരത്തിലുള്ളവരെ പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം 700/- രൂപ നിരക്കിൽ പ്രതിമാസധനസഹായവും അനുവദിച്ച് വരുന്നു. ഇതുകൂടാതെ എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 12-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് 1000, 2000, 2500 എന്നീ നിരക്കിലുള്ള ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായവും നൽകി വരുന്നു. ഇവരുടെ ചികിത്സയ്ക്കും ഇവർക്ക് നഷ്ടപരിഹാരം 5 ലക്ഷം രൂപ വരെ അനുവദിച്ച് നൽകുന്നതിനായും വേണ്ടി പ്രത്യേക ഫണ്ടും കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ സ്നേഹസാന്ത്വനം പദ്ധതിയ്ക്ക് നിശ്ചിത അപേക്ഷാഫാം ഇല്ല. കാസർഗോഡ് ജില്ലാ കളക്ടർ നൽകുന്ന ലിസ്റ്റിൽ ഉൾപ്പെട്ടവരാണ് പദ്ധതി ഗുണഭോക്താക്കൾ. സ്പെഷ്യൽ ആശ്വാസകിരണം, വിദ്യാഭ്യാസ ധനസഹായം എന്നിവയ്ക്ക് നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറത്തിൽ അപേക്ഷ സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകണം.<br>5. <u>വയോമിത്രം പദ്ധതി</u><br>65 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷാ |

| | | | |
|---|---|---|---|
| | | | ഉറപ്പ് വരുത്തുന്നതിന് വേണ്ടി ഹെൽപ്പ് ഡെസ്ക്ക്, ആംബുലൻസ് സർവ്വീസ്, മൊബൈൽ ക്ലിനിക്ക്, പാലിയേറ്റീവ് ഹോം കെയർ, സൗജന്യ മെഡിസിൻ എന്നിവ നൽകി ആശ്വാസം പകരുകയെന്ന ഉദ്ദേശ്യത്തോടെയാണ് വയോമിത്രം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നത്. ഇപ്പോൾ സംസ്ഥാനത്തെ 32 നഗരപ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പാക്കി വരുന്നു. നഗരപ്രദേശത്ത് താമസിക്കുന്ന 65 വയസ്സിനുമേൽ പ്രായമുള്ള വൃദ്ധജനങ്ങൾക്ക് പദ്ധതി ആനുകൂല്യം ലഭിക്കുന്നു. പ്രത്യേക അപേക്ഷ ഫാറമില്ല.<br><br>6. <u>സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അഡീഷണൽ കെയർ പ്രൊവൈഡേഴ്സിനെ വയ്ക്കുന്ന പദ്ധതി</u><br>സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള മിക്ക ക്ഷേമ സ്ഥാപനങ്ങളിലും പ്രവേശിപ്പിക്കാൻ അനുമതിയുള്ള അന്തേവാസികളെക്കാൾ അധികം പേരെ താമസിപ്പിക്കാൻ സ്ഥാപന അധികൃതർ നിർബന്ധിതരായിട്ടുണ്ട്. അധികമായി പ്രവേശിപ്പിക്കപ്പെട്ടിരിക്കുന്ന അന്തേവാസികൾക്ക് ആവശ്യമായ പരിരക്ഷ നൽകി അവരുടെ ശാരീരിക മാനസിക ശേഷി വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടി 74 ക്ഷേമ സ്ഥാപനങ്ങളിൽ അഡീഷണൽ കെയർ പ്രൊവൈഡർമാരെ അനുവദിക്കുന്ന പദ്ധതിയാണിത്.<br><br>7. <u>വിശപ്പുരഹിത നഗരം പദ്ധതി</u><br><br>വിശന്നിരിക്കുന്നവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്ന വിശപ്പുരഹിത നഗരം പദ്ധതി കോഴിക്കോട് നഗരത്തിൽ മാത്രമാണ് നടപ്പാക്കി വരുന്നത്. നിലവിൽ വിശപ്പുരഹിത നഗരം പദ്ധതി മലപ്പുറം, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിൽകൂടി വ്യാപിപ്പിക്കുകയുണ്ടായി, |

| | | | |
|---|---|---|---|
| | | | ടി പദ്ധതിയിൽ ഇപ്പോൾ പ്രതിദിനം 5500 പേർക്ക് സൗജന്യ ഭക്ഷണം നൽകി വരുന്നു.<br><br>8. <u>ശ്രുതിതരംഗം പദ്ധതി</u><br>ശ്രുവണവൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം പദ്ധതി. ഈ പദ്ധതിയിലൂടെ 470 കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകി വരുന്നു. ശ്രുതിതരംഗം പദ്ധതി നടപ്പിലാക്കുന്നതിനായി പ്രൈവറ്റ് ആശുപത്രികൾക്കു പുറമെ 3 സർക്കാർ മെഡിക്കൽ കോളേജുകളെ കൂടി സജ്ജമാക്കിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം നാളിതു വരെ 62 കുട്ടികൾക്കു കൂടി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>• നിശ്ചിത ഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകണം.<br><br>9. <u>വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി</u><br>സംസ്ഥാനത്തെ വൈകല്യം ബാധിച്ച മുഴുവൻ പേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാനരേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ |

| | | | |
|---|---|---|---|
| | | | കാർഡും നൽകുന്ന പദ്ധതിയാണിത്.<br><br>• നിശ്ചിത ഫോറത്തിൽ അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്.<br><br>10. <u>സ്നേഹപൂർവ്വം പദ്ധതി</u><br><br>മാതാപിതാക്കൾ രണ്ടുപേരും മരിച്ചുപോകുകയോ, ഒരാൾ മരിക്കുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിക്കാൻ സാമ്പത്തിക സ്ഥിതിയില്ലാതാവുകയും ചെയ്യുന്ന വീടുകളിലെ കുട്ടികൾ അനാഥാലയങ്ങളിൽ തള്ളപ്പെടുകയാണ് ചെയ്യുന്നത്. ഇത്തരം കുട്ടികൾ അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്ന ഉദ്ദേശ്യത്തോടെ ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സ്നേഹപൂർവ്വം. 2012 നവംബറിൽ ആരംഭിച്ച ടി പദ്ധതി 2014-15 അദ്ധ്യയന വർഷം മുതൽ വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന ഓൺലൈനായാണ് അപേക്ഷകൾ സ്വീകരിച്ച് വരുന്നത്.<br><br>• വെള്ളക്കടലാസിലുള്ള അപേക്ഷയും ബന്ധപ്പെട്ട രേഖകളും സഹിതം അപേക്ഷകർ അവരവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന മേധാവികൾ മുഖേന ഓൺലൈനായി അപേക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.<br><br>12. <u>സമാശ്വാസം പദ്ധതി</u><br><br>നിരന്തരമായ ചികിത്സ ആവശ്യമായ ഡയാലിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവെയ്ക്കൽ സർജറിക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി. കൂടാതെ നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട അരിവാൾ രോഗം |

| | | | |
|---|---|---|---|
| | | | ബാധിച്ച രോഗികൾക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയ്ക്ക് നിശ്ചിത മാതൃകയിലുള്ള അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷന് നൽകണം.<br><br>13. <u>പ്രത്യാശ വിവാഹ ധനസഹായ പദ്ധതി</u>:<br>22 വയസ്സ് പൂർത്തിയായിട്ടും വിവാഹം കഴിയാത്ത നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 50,000/-രൂപ നിരക്കിൽ വിവാഹ ധനസഹായമായി അനുവദിക്കുന്ന പ്രത്യാശ പദ്ധതി പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടത്തി വരുന്നു. പദ്ധതി ആനുകൂല്യം 2049 പേർക്ക് അനുവദിക്കുകയുണ്ടായി. നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അപേക്ഷ നൽകണം.<br><u>14.സ്റ്റേറ്റ് ഇൻഷ്യറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ് (എസ് ഐ ഡി)</u><br><br>വൈകല്യം തടയുന്നതിനായി പ്രാരംഭ നിർണ്ണയം,പ്രാരംഭ ഇടപെടൽ,വിദ്യാഭാസം, തൊഴിൽ, പുനരധിവാസം എന്നിവ ലഭ്യമാക്കി സർക്കാർ പ്രത്യേകം താൽപ്പര്യമെടുത്ത് നടപ്പിലാക്കുന്ന പദ്ധതിയാണിത്. പ്രത്യേക അപേക്ഷാഫോറമില്ല.<br>15. <u>സ്റ്റേറ്റ് ഡിസബിലിറ്റി സർവ്വേ :</u><br>സംസ്ഥാനത്തെ അംഗപരിമിതരുടെ ക്ഷേമപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഫലപ്രദമായി നടപ്പാക്കുന്നതിന് അംഗപരിമിതരുടെ എണ്ണവും അവരുടെ വിഭാഗം തിരിച്ചുള്ള കണക്കും അംഗപരിമിതിയുടെ തോതും അവരുടെ ജീവിത നിലവാരവും മനസ്സിലാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് അംഗപരിമിതരുടെ എണ്ണം എടുക്കുന്നതിനും,വൈകല്യത്തിന്റെ വിഭാഗം തിരിച്ചുള്ള കണക്കും, ഇവരുടെ സാമൂഹിക സാമ്പത്തിക വിവരശേഖരണത്തിനുമായി വിപുലമായ ഒരു സെൻസസ് കേരള |

| | | | |
|---|---|---|---|
| | | | സാമൂഹ്യ സുരക്ഷ മിഷൻ നടത്തി വരുന്നു.<br>16. <u>കാരുണ്യ ഡിപ്പോസിറ്റ് സ്കീം</u><br><br>മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിനായി 1 ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ നിക്ഷേപിക്കുന്ന വ്യക്തിക്ക് ഒരു വർഷത്തിന് ശേഷം നിക്ഷേപിച്ച തുക തിരിച്ച് നൽകുകയും തുകയുടെ പലിശയും ടി തുകയ്ക്ക് തത്തുല്യമായി സർക്കാർ വിഹിതമായി ലഭിച്ചിട്ടുള്ള തുകയും കൂടി ചേർത്ത് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവിന് നൽകി പദ്ധതി നടപ്പിലാക്കുന്നു.<br><br>17. <u>വി-കെയർ</u><br><br>കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതി വിഹിതത്തിനു പുറമേ ആവശ്യമായ വിഭവം കോർപ്പറേറ്റുകൾ, ഫൗണ്ടേഷനുകൾ, വ്യക്തികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സമാഹരിച്ച് പദ്ധതി സമയബന്ധിതമായി നടപ്പാക്കുകയെന്ന ലക്ഷ്യത്തോടുകൂടി 2013-14 വർഷ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വി-കെയർ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷ ബഡ്ജറ്റിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>1. സാമൂഹ്യസുരക്ഷാ പദ്ധതികൾക്കായി കരുതൽ ഫണ്ട് സമാഹരിക്കുക.<br>2. പൊതു സ്വകാര്യപങ്കാളിത്തത്തോടുകൂടി ജീവകാരുണ്യപ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യുക.<br>3. നിലവിലുള്ള പദ്ധതികൾക്ക് ബഡ്ജറ്റ് വിഹിതത്തിനപ്പുറമുള്ള ചെലവുകൾക്ക് ധനസമാഹരണം നടത്തുക. |
| (ബി) | സാമൂഹ്യ നീതി വകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതികൾ | (ബി) | സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികളെ സംബന്ധിച്ചും |

| | | | |
|---|---|---|---|
| | സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിവ് നൽകാൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ? | | സേവനങ്ങളെ സംബന്ധിച്ചും വിശദാംശങ്ങൾ, മാർഗ്ഗരേഖകൾ എന്നിവ വകുപ്പിന്റെ www.swd.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാണ് കൂടാതെ പത്ര മാധ്യമങ്ങൾ മുഖേനയും മാതൃഭൂമി Club FM റേഡിയോ മുഖേനയും പദ്ധതി വിശദാംശങ്ങൾ പൊതുജനങ്ങൾക്ക് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>സാമൂഹ്യനീതി വകുപ്പിന് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിവ് നൽകാൻ പത്ര-ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിലൂടെ പരസ്യങ്ങളും പ്രോഗ്രാമുകളും നടത്താറുണ്ട്. ദൂരദർശന്റെ സാമൂഹ്യപാഠം പരിപാടി; ആകാശവാണിയിലൂടെയും എഫ്.എം റേഡിയോവിലൂടെയും നടത്തുന്ന പ്രചരണ പരിപാടികൾ എന്നിവ ഇവയിൽ ഉൾപ്പെടുന്നു. കൂടാതെ സാമൂഹ്യ നീതി വകുപ്പ്, മറ്റ് വകുപ്പുകൾ നടപ്പിലാക്കുന്ന പരിപാടികളിൽ മിഷന്റെ. സ്റ്റാൾ ക്രമീകരിക്കുകയും ടി പരിപാടികൾക്കിടയിൽ മിഷന്റെ പദ്ധതി വിശദാംശങ്ങൾ ഉൾപ്പെടുന്ന ബ്രൗഷറുകൾ വിതരണം ചെയ്യാറുമുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ മിഷന്റെ പദ്ധതികളെ കുറിച്ച് അവബോധം നൽകാൻ സാധിച്ചിട്ടുണ്ട്. |

(Signature)

**സെക്ഷൻ ഓഫീസർ**